പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3611 12.12.2014 - ൽ മറുപടിയ്ക്ക്

## അനാഥാലയങ്ങൾ

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിനുകീഴിൽ എത്ര അനാഥാലയങ്ങളുണ്ട് എന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ കണക്ക് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അനാഥാലയങ്ങളിൽ എത്ര കുട്ടികൾ ഉണ്ട് എന്നും അനാഥാലായങ്ങളുടെ നടത്തിപ്പിനായി ഒരു വർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | അനാഥാലയങ്ങളിൽ നിലവിലുള്ള അന്തേവാസികളുടെ എണ്ണം ഇപ്രകാരമാണ്. ഫൗണ്ട്ലിംഗ് ഹോം 472, കുട്ടികളുടെ സ്ഥാപനങ്ങൾ - 52253. അംഗീകൃതമായ സ്ഥാപനങ്ങളിൽ സർക്കാർ ഗ്രാന്റിന് അനുമതി നേടിയിട്ടുള്ള സ്ഥാപനങ്ങളിൽ ഒരു കുട്ടിക്ക് പ്രതിമാസ ചെലവിനായി 800/- രൂപ വീതം 01.04.2014 മുതൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 13,83,63,000/- രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് വർഷം അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നതിന് വേണ്ടി 16,75,40,993/- രൂപ അധികമായി വേണ്ടി വരുന്നതാണ്. ഈ തുക കൂടി ലഭിക്കുന്ന പക്ഷം ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി 30,59,03,993/- രൂപ ചെലവ് വരുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | അനാഥാലയങ്ങളിൽ നിന്ന് നിയമപരമായി കുട്ടികളെ ദത്ത് നൽകാറില്ല. അഡോപ്ഷൻ പ്ലെയ്സ്മെന്റ് ഏജൻസിയായി സർക്കാർ അംഗീകാരമുള്ള ഫൗണ്ട്ലിംഗ് ഹോമുകളിൽ നിന്നാണ് കുട്ടികളെ ദത്ത് നൽകുന്നത്.<br>അനാഥരും മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ |

| | | | |
|---|---|---|---|
| | | | കുഞ്ഞുങ്ങളെയാണ് ഭാരത സർക്കാരിന്റെ Central Adoption Resource Agency (CARA) മാർഗ്ഗനിർദ്ദേശ പ്രകാരം ദത്തെടുക്കുന്നത്.<br>നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സർക്കാർ അംഗീകൃത ഏജൻസികളിലൂടെ മാത്രമേ മാതാപിതാക്കൾ ദത്തെടുക്കൽ നടത്താവൂ.<br>2. മാതാപിതാക്കൾ താമസസ്ഥലത്തിന് അടുത്തുള്ള ഒരു അംഗീകൃത അഡോപ്ഷൻ ഏജൻസിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ www.adoptionindia.nic.in എന്ന വെബ്സൈറ്റിലൂടെ താൽക്കാലിക ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇന്ത്യയിൽ നിന്നുള്ള കുഞ്ഞിനെ ദത്തെടുക്കാൻ ആഗ്രഹിക്കുന്ന വിദേശത്ത് കഴിയുന്ന ഇന്ത്യക്കാർ തങ്ങളുടെ താമസ സ്ഥലത്തിനടുത്തുള്ള ഏതെങ്കിലും അംഗീകൃത വിദേശ അഡോപ്ഷൻ ഏജൻസിയിൽ രജിസ്റ്റർ ചെയ്യേണ്ട താണ്.<br>3. ചൈൽഡ് വെൽഫെയർ കമ്മിറ്റി Legally Free for Adoption Certificate നൽകിയ കുട്ടികളെ മാത്രമേ ദത്തെടുക്കാൻ കഴിയുകയുള്ളൂ<br>4. 3 വയസ്സുവരെ പ്രായമുള്ള കുട്ടികളെ ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കളുടെ ആകെ വയസ്സ് 90-ൽ കവിയാൻ പാടുള്ളതല്ല. 3 വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികളെ ദത്തെടുക്കാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കളുടെ ആകെ വയസ്സ് 105 -ൽ കവിയാനും പാടുള്ളതല്ല. മാത്രമല്ല, ദമ്പതികളുടെ പ്രായം 25 ൽ കുറയുവാനോ 50 ൽ അധികരിക്കുവാനോ പാടുള്ളതല്ല.<br>5. HAMA 1956 (ഹിന്ദു അഡോപ്ഷൻ ആന്റ് മെയിന്റനൻസ് ആക്ട്), GAWA 1990 (ഗാർഡിയൻസ് ആന്റ് |

<table>
<tr><td></td><td></td><td></td><td>വാർഡ്സ് ആക്ട്), J.J Act 2000 (ജുവനൈൽ ജസ്റ്റിസ് ആക്ട് 2000) എന്നീ നിയമങ്ങൾ പ്രകാരമാണ് ദത്തെടുക്കൽ നടക്കുന്നത്.</td></tr>
<tr><td>(ഡി)</td><td>കുട്ടികളെ ദത്തെടുക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;</td><td>(ഡി)</td><td>നിലവിലുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><td>തിരുവനന്തപുരം</td><td>517</td></tr>
<tr><td>കണ്ണൂർ</td><td>2141</td></tr>
<tr><td>വയനാട്</td><td>11</td></tr>
<tr><td>തൃശ്ശൂർ</td><td>98</td></tr>
<tr><td>എറണാകുളം</td><td>104</td></tr>
<tr><td>ഇടുക്കി</td><td>28</td></tr>
<tr><td>കോട്ടയം</td><td>23</td></tr>
<tr><td>ആലപ്പുഴ</td><td>ഇല്ല</td></tr>
<tr><td>മലപ്പുറം</td><td>ഇല്ല</td></tr>
<tr><td>പത്തനംതിട്ട</td><td>ഇല്ല</td></tr>
<tr><td>കാസർഗോഡ്</td><td>ഇല്ല</td></tr>
<tr><td>കൊല്ലം</td><td>ഇല്ല</td></tr>
<tr><td>പാലക്കാട്</td><td>74</td></tr>
<tr><td>കോഴിക്കോട്</td><td>32</td></tr>
<tr><td>ആകെ</td><td>3028</td></tr>
</table></td></tr>
<tr><td>(ഇ)</td><td>കോഴിക്കോട് ജില്ലയിൽ അപേക്ഷ നൽകിയവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?</td><td>(ഇ)</td><td>അനുബന്ധം II ആയി ചേർക്കുന്നു.</td></tr>
</table>

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്